**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2368 06.12.2018 ൽ മറുപടിക്ക്.**

**വാഹനങ്ങൾക്ക് സബ്സിഡി നിരക്കിൽ ഇന്ധനം**

| ചോദ്യം<br>ശ്രീ.പി.ടി. തോമസ് | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | അടിക്കടി വർദ്ധിക്കുന്ന ഇന്ധനവിലയും സ്പെയർ പാർട്ട്സുകളുടെ വിലയും ഓട്ടോ ടാക്സി തൊഴിലാളികളുടെ തൊഴിലിനെ പ്രതികൂലമായി ബാധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ & ബി) | ഇന്ധനവില ക്രമാതീതമായി ഉയരുന്ന സ്ഥിതി നിയന്ത്രിക്കുകയാണ് ചെയ്യേണ്ടത്. എണ്ണവില നിയന്ത്രണത്തിന് രാജ്യത്ത് നിലവിലുണ്ടായിരുന്ന സംവിധാനങ്ങൾ പൂർണ്ണമായും ഇല്ലാതാക്കി. വിലനിർണ്ണയം എണ്ണക്കമ്പനികൾക്ക് വിട്ടുകൊടുത്തതും അന്താരാഷ്ട്ര ക്രൂഡ് വിപണിയിൽ ഗണ്യമായ ഇടിവുണ്ടാകുമ്പോൾ ഉയർന്ന കേന്ദ്ര തീരുവകൾ ചുമത്തി, വിലയിടിവിന്റെ ആനുകൂല്യം ജനങ്ങൾക്ക് നൽകാതെ കൈക്കലാക്കുകയും ചെയ്യുന്ന കേന്ദ്രസർക്കാർ നയങ്ങളാണ് ഈ സ്ഥിതിവിശേഷത്തിന് കാരണം. അത് തിരുത്തിയാണ് സാധാരണക്കാർക്ക് സഹായം നൽകേണ്ടത്. |
| (ബി) | ഇത് പരിഹരിക്കുന്നതിനായി ഓട്ടോറിക്ഷകൾക്കും ടാക്സികൾക്കും സബ്സിഡി നിരക്കിൽ ഇന്ധനം നൽകുന്നതിന് ഒരു പദ്ധതി ആവിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ